# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2761** **18.08.2017-ൽ മറുപടിയ്ക്ക്**

## ഹൈസ്കൂൾ ക്ലാസ്സുകൾ ഹൈടെക് ആക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . ടി.വി.ഇബ്രാഹിം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.മഞ്ഞളാംകുഴി അലി | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഹൈസ്കൂൾ ക്ലാസ്സുകൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ; | എ) എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള സർക്കാർ,എയ്ഡഡ് സ്കൂളുകളിലെ നാല്പത്തയ്യായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും ഐ.ടി.ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി 493.5 കോടിയുടെ പ്രൊപ്പോസലിന് 'കിഫ്ബി' യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരളാ ഇൻഫ്രാസ്ട്രക്ചർ & ടെക് നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ ഐ.ടി.@ സ്കൂളിനെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ(എസ്.പി.വി.) രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾ സജ്ജമാക്കിയ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനും ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിലേക്ക് ഐ.ടി.ഉപകരണ ങ്ങൾ വിതരണം നടത്തുന്നതിന് മുൻപ് ക്ലാസ് മുറികൾ സജ്ജമാക്കിയത് സംബന്ധിച്ച പരിശോധന നടത്തുന്നതിന് ഐ.ടി@ സ്കൂൾ |

പ്രോജക്ടിന്റെ മാസ്റ്റർ ട്രെയിനർമാർ നേരിട്ട് സ്കൂൾ സന്ദർശനം നടത്തുന്നുണ്ട്. പൈലറ്റ് പദ്ധതി പൂർത്തിയാക്കിയ മണ്ഡലങ്ങൾക്കുപരിയായുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സജ്ജമായ ക്ലാസ്സുകളിലേയ്ക്ക് ഉപകരണ വിതരണവും മറ്റ് പ്രവർത്തനങ്ങളും 2017 ഒക്ടോബറിൽ ആരംഭിക്കുന്നതാണ്.

ബി) പ്രസ്തുത പദ്ധതിയിൽ എയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിനു സ്വീകരിക്കുന്ന മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ;

ബി) ഹൈടെക്സ്കൂൾ പദ്ധതിയിൽ എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശാനുസരണം ക്ലാസ് മുറികൾ സജ്ജീകരിക്കുന്ന എല്ലാ സർക്കാർ , എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി , സ്കൂളുകളും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

സി) ഈ പദ്ധതിക്ക് 2016-17-ൽ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

സി) ഈ പദ്ധതിക്കായി പൈലറ്റ് ഇനത്തിൽ ഐ.ടി@ സ്കൂളിന്റെ ഫണ്ടിൽ നിന്നും 8 കോടി രൂപയും കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും 1.21 കോടി രൂപയും ചെലവഴിക്കാൻ അനുമതിനൽകിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ